**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **10-08-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കിഫ്ബിയുടെ സാമ്പത്തിക അനുമതിയ്ക്കായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം- ബ്രിഡ്ജ് പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുകയും, തുടർന്ന് അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി.യെ കിഫ്ബി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിക്കാനുണ്ട്. |
| (ബി) | 2018-ൽ അംഗീകരിച്ച പ്രസ്തുത പദ്ധതി ഇതുവരെയും തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; നിർദ്ദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | നിർദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റെഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫുട്ട് ബ്രിഡ്ജ് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ. |
| (സി) | നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയും വിഭവങ്ങളുടെ പുരോഗതിയും ലക്ഷ്യമാക്കിയാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഭൂഗർഭജലത്തിന്റെ ലഭ്യതയിലുള്ള വർദ്ധനവ് അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത എന്നിവ റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഉറപ്പുവരുത്താൻ സാധിക്കും. |
| (ഡി) | പ്രസ്തുത കിഫ്ബി പദ്ധതിയിൽ ജലസേചന വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരമാണ് സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 859/2017/WRD തീയതി 17.10.2017 പ്രകാരം നൽകിയിട്ടുള്ളത്. തുടർന്ന് കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി സമർപ്പിച്ചു. കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി. ആണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്. കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23.03.2022-ൽ സംയുക്ത പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തി നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ സാധ്യത കൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിച്ചു. കെ.ഐ.ഐ.ഡി.സി.യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും, പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ